REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേന്ദ്രമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് തിരുവനന്തപുരത്തെത്തും.**
- **ഈ മാസം മുതൽ വൈദ്യുതി ബിൽ വീണ്ടും കുറയുമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി.**
- **CPIM സംസ്ഥാന സമ്മേളനം ഇന്ന് കൊല്ലത്ത് തുടങ്ങും.**
- **മലപ്പുറം താനൂരിൽ 10,500 ലിറ്റർ സ്പിരിറ്റ് പിടികൂടി.**
- **ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ഞായറാഴ്ച ഇന്ത്യ, ന്യൂസിലാന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേന്ദ്രമന്ത്രി കിരൺ റിജിജു ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കേരളത്തിലെത്തും. തിരുവനന്തപുരത്ത് രാവിലെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പരിപാടിയുടെ അവലോകന യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.

യോഗത്തിൽ പദ്ധതിയുടെ ദക്ഷിണ മേഖല സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മേഖലാ അവലോകന യോഗവും പരിശീലന ശിൽപ്പശാലയും നടക്കും.

✪✪✪

ഇന്ത്യയുടെ സാമൂഹ്യ സുരക്ഷാ പരിരക്ഷാ 24.4 ശതമാനത്തിൽ നിന്ന് 48.8 ശതമാനമായി ഇരട്ടിച്ചുവെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ അറിയിച്ചു. ജനങ്ങളിൽ നിക്ഷേപിക്കുക എന്ന ബജറ്റാനന്തര

വെബിനാറിൽ സംസാരിക്കുകയായിരുന്നു ഡോ. മാണ്ഡവ്യ. ESI കോർപ്പറേഷന്റെ പത്ത് മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നൽകിയതായും മറ്റ് പത്തെണ്ണത്തിന് കൂടി വൈകാതെ അംഗീകാരം നൽകുമെന്നും അദ്ദേഹം പറഞ്ഞു. 2014 നും 24നും ഇടയിൽ 17 കോടിയിൽ പരം തൊഴിലവസരങ്ങൾ രാജ്യത്ത് സൃഷ്ടിച്ചതായും ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു.

✪✪✪

കേന്ദ്ര മന്ത്രിസഭാ യോഗം ഇന്നലെയെടുത്ത രണ്ട് സുപ്രധാന തീരുമാനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. സാമൂഹ്യ മാധ്യമങ്ങളിലെ പോസ്റ്റുകളിലാണ് ഉത്തരാഖണ്ഡിലെ പുതിയ രണ്ട് റോപ് വേ നിർമ്മാണ തീരുമാനവും പുതുക്കിയ കന്നുകാലി - ആരോഗ്യ രോഗ നിയന്ത്രണ പരിപാടിയെയും പ്രധാനമന്ത്രി അനുമോദിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തരാഖണ്ഡ് സന്ദർശിക്കും. മുഖ്‌വായിലെ മാ ഗംഗാ ക്ഷേത്രത്തിൽ അദ്ദേഹം പൂജയും ദർശനവും നടത്തും. ഹാർസിലിൽ ട്രക്കിങ്ങും ബൈക്ക് റാലിയും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

ഈ മാസം മുതൽ വൈദ്യുതി ബിൽ വീണ്ടും കുറയുമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി അറിയിച്ചു. ഇന്ധന സർചാർജ് നിരക്ക് കുറയുന്നതിലൂടെയാണ് ഉപഭോക്താക്കൾക്ക് ബില്ലിൽ ആശ്വാസം ലഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. 250 യൂണിറ്റിന് മുകളിൽ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് പകൽ സമയത്തെ വൈദ്യുതി താരിഫ് പത്തു ശതമാനം ഇളവ് നൽകാനും തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി. ആലപ്പുഴ SL പുരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസും സബ് ഡിവിഷൻ ഓഫീസും ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി മേഖലകളുടെ ഭാവി വികസനം ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് അടുത്ത മാസം കോൺക്ലേവുകൾ സംഘടിപ്പിക്കും. മൂന്നിടത്ത് പ്രത്യേക കോൺക്ലേവുകൾ സംഘടിപ്പിച്ച ശേഷം ഏപ്രിലിൽ ആലപ്പുഴയിലായിരിക്കും സംയുക്ത കോൺക്ലേവ് എന്ന് മന്ത്രി P രാജീവ് ആലപ്പുഴയിൽ അറിയിച്ചു.

ആലപ്പുഴയിൽ കയർ മേഖലയുടേയും കൊല്ലത്ത് കശുവണ്ടി മേഖലയുടേയും കണ്ണൂരിൽ കൈത്തറി മേഖലയുടേയും കോൺക്ലേവുകൾ സംഘടിപ്പിക്കും.

✪✪✪

മനുഷ്യ - വന്യജീവി സംഘർഷങ്ങൾക്കെതിരെ പുതിയ തയ്യാറെടുപ്പുകൾ നടത്തുകയാണ് ഗോത്രഭേരി പദ്ധതിയുടെ ലക്ഷ്യമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. തിരുവനന്തപുരത്ത് 'ഗോത്രഭേരി' പദ്ധതിയുടെ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആദിവാസി സമൂഹങ്ങളിൽ ഉൾച്ചേർന്ന അറിവുകൾ മനസിലാക്കി, അവയെ ശാസ്ത്രീയവും സാങ്കേതികവുമായ സംയോജനത്തിലൂടെ പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

CPIM സംസ്ഥാന സമ്മേളനത്തിന് ഇന്ന് കൊല്ലത്ത് തുടക്കമാകും. കോടിയേരി ബാലകൃഷ്ണൻ നഗറിൽ രാവിലെ 9 ന് മുതിർന്ന നേതാവ് AK ബാലൻ പതാക ഉയർത്തും. CPIM ദേശീയ കോ-ഓർഡിനേറ്ററും മുതിർന്ന പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യും. പാർട്ടി സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും.

പ്രതിനിധി സമ്മേളന ചർച്ചകൾ നാളെയും മറ്റന്നാളും തുടരും. സമാപനദിവസമായ ഞായറാഴ്ച സംസ്ഥാന കമ്മിറ്റിയെയും പാർട്ടി കോൺഗ്രസ് പ്രതിനിധികളെയും തിരഞ്ഞെടുക്കും.

✪✪✪

തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്......

താപനില ഉയർന്നേക്കുമെന്ന നിഗമനത്തെ തുടർന്ന് 11 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 37 ഡിഗ്രി വരെ ആയിരിക്കും താപനില. മറ്റ് ജില്ലകളിൽ ശരാശരിയേക്കാൾ  രണ്ട് മുതൽ മൂന്ന് ഡിഗ്രി വരെ കൂടാൻ  സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

കോൺഗ്രസ് മുക്ത ഭാരതം എന്ന ലക്ഷ്യത്തിന് വേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ ശ്രമിക്കുകയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. സ്വന്തം പേരിലെ കേസുകളിൽ നിന്ന് രക്ഷപ്പെടാൻ മുഖ്യമന്ത്രി BJP നേതൃത്വത്തിന് മുന്നിൽ വിധേയനായി നിൽക്കുകയാണെന്ന് ചെന്നിത്തല തിരുവനന്തപുരത്ത് വാർത്താ കുറിപ്പിൽ ആരോപിച്ചു.

✪✪✪

ഗോവയിൽ നിന്നും തൃശൂരിലേക്ക് ലോറിയിൽ കടത്തുകയായിരുന്ന വൻ സ്പിരിറ്റ് ശേഖരം താനൂർ പുത്തൻ തെരുവിൽ പിടികൂടി. മൈദച്ചാക്കുകൾക്കടിയിൽ ഒളിപ്പിച്ച നിലയിലാണ് സ്പിരിറ്റ് ശേഖരം കണ്ടെത്തിയത്. 298 കന്നാസുകളിലായി 10500 ലിറ്റർ സ്പിരിറ്റാണ് ലോറിയിലുണ്ടായിരുന്നത്. ലോറിയിലുണ്ടായിരുന്ന ഡ്രൈവറും ക്ലീനറും തൃശൂർ സ്വദേശികളാണ്.

✪✪✪

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ആമയൂരിൽ വനംവകുപ്പ് സ്ഥാപിച്ച കെണിയിൽ പുലി കുടുങ്ങി. ആട് ഫാമിൽ കയറിയ പുലി ഇന്നലെ ഏതാനും ആടുകളെ കടിച്ചുകൊന്നിരുന്നു. പുലിയുടെ ദൃശ്യങ്ങൾ ഫാമിലെ CCTV ദൃശ്യങ്ങളിൽ പതിഞ്ഞിരുന്നു. തുടർന്നാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ കൂട് സ്ഥാപിച്ചത്.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ, ന്യൂസിലാന്റിനെ നേരിടും. ഞായറാഴ്ച ദുബൈ ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ടരയ്ക്കാണ് മത്സരം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....വോയ്സ്.....

ഇന്നലെ രണ്ടാം സെമിയിൽ ദക്ഷിണാഫ്രിക്കയെ 50 റൺസിന് പരാജയപ്പെടുത്തിയാണ് ന്യൂസിലാന്റ് ഫൈനൽ ബർത്ത് നേടിയത്. ചൊവ്വാഴ്ച ആദ്യ സെമിയിൽ ഓസ്ട്രേലിയയെ നാല് വിക്കറ്റിന് തകർത്തായിരുന്നു ഇന്ത്യയുടെ ഫൈനൽ പ്രവേശം.

ആദ്യം ബാറ്റ് ചെയ്ത് ന്യൂസിലാന്റ് ICC ചരിത്രത്തിലെ ഏറ്റവും ഉയർന്ന് സ്കോറായ 362 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക ഒമ്പത് വിക്കറ്റിന് 312 റൺസെടുത്ത് പുറത്തായി. രചിൻ രവീന്ദ്രയാണ് പ്ലയർ ഓഫ് ദ മാച്ച്.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് ഈ മാസം 20 മുതൽ 27 വരെ ഡൽഹിയിൽ നടത്തുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ അറിയിച്ചു. പാരാഗെയിംസിന്റെ രണ്ടാം പതിപ്പാണിത്. 230 ഓളം കായിക താരങ്ങൾ ആറ് വിഭാഗങ്ങളിൽ മത്സരിക്കും. ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലായിരിക്കും അത്‌ലറ്റിക്സ്, ആർച്ചറി, പവർലിഫ്റ്റിംഗ് മത്സരങ്ങൾ. ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് മത്സരങ്ങൾ ഇന്ദിരാഗാന്ധി സ്റ്റേഡിയം കോംപ്ലക്സിലും നടത്തും.

✪✪✪

ISL ഫുട്ബോളിൽ ഒഡിഷ FC, ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി. ജംഷഡ്പൂരിൽ രണ്ടിനെതിരെ മൂന്ന് ഗോളിനാണ് ഒഡിഷയുടെ ജയം.

ഇന്ന് ഹൈദരാബാദ് FC, പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

✪✪✪

കണ്ണൂർ അയ്യൻകുന്ന് പഞ്ചായത്തിലെ കരിക്കോട്ടക്കരിയിൽ മയക്കുവെടി വെച്ച് പിടികൂടിയ പിടിയാന ചെരിഞ്ഞു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ

.........വോയ്സ്...........

ഇന്നലെ രാവിലെ മുതലാണ് പരിക്കുകളുമായി ജനവാസകേന്ദ്രത്തിൽ ആന എത്തിയത്. വൈകുന്നേരത്തോടെ ആനയെ മയക്കുവെടി വെച്ച് പിടികൂടുകയായിരുന്നു. താടിയെല്ല് തകർന്ന് ദിവസങ്ങളായി ഭക്ഷണം കഴിക്കാനാവാതെ ആന അയ്യൻകുന്ന് ആറളം പഞ്ചായത്തുകളിലെ വിവിധ ഇടങ്ങളിൽ എത്തിയിരുന്നു. കഴിഞ്ഞ രാത്രിമുതൽ പ്രദേശത്ത് ആന ഭീതി പരത്തിയിരുന്നു. കാട്ടിലേക്ക് തുരത്തൽ ആസാധ്യമായതിനെ തുടർന്ന് മയക്കുവെടിവെക്കാൻ തീരുമാനിക്കുയായിരുന്നു. വയനാട്ടിൽ നിന്നെത്തിയ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ മയക്കുവെടിവെച്ചശേഷം പിടികൂടി ചികിത്സാകേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു. ഇന്നലെ രാത്രി ഒമ്പതേകാലോടെയാണ് ആന ചെരിഞ്ഞത്. പന്നിപ്പടക്കം പൊട്ടിയാവാം ആനക്ക് വായിൽ മുറിവേറ്റതെന്ന് സംശയിക്കുന്നു, ആനയുടെ മരണത്തെ ക്കുറിച്ച് അന്വേഷിക്കാൻ വനം വകുപ്പ് 11 പേരടങ്ങുന്ന സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

✪✪✪

ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റ് ആന്റ് ഫൗണ്ടേഷന്റെ ഈ വർഷത്തെ പുതൂർ പുരസ്കാരം നോവലിസ്റ്റ് UK കുമാരന് ഏപ്രിൽ രണ്ടിന് കോഴിക്കോട് സമ്മാനിക്കും. 11,111 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ് പുതൂരിന്റെ പതിനൊന്നാം ചരമവാർഷിക ദിനത്തിൽ സമ്മാനിക്കുമെന്ന് ട്രസ്റ്റ് ആന്റ് ഫൗണ്ടേഷൻ ചെയർമാൻ ഷാജു പുതൂർ അറിയിച്ചു.

✪✪✪

പത്തനംതിട്ട മൈലപ്രയിൽ കിണർ വൃത്തിയാക്കാനിറങ്ങിയ രണ്ട് തൊഴിലാളികളിൽ ഒരാൾ മരിച്ചു. മറ്റൊരാളെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലയാലപ്പുഴ സ്വദേശി രഘു എന്ന 51-കാരനാണ് മരിച്ചത്. കിണറ്റിലിറങ്ങിയ വേലായുധൻ എന്ന ആൾ കുഴഞ്ഞുവീഴുന്നത് കണ്ട് അയാളെ രക്ഷിക്കാനിറങ്ങിയതായിരുന്നു രഘു.

✪✪✪

ഏറ്റുമാനൂരിൽ അമ്മയും മക്കളും ട്രെയിനിന് മുമ്പിൽ ചാടി മരിച്ച സംഭവത്തിൽ ഒരാളെ അറസ്റ്റ് ചെയ്തു. മരിച്ച ഷൈനിയുടെ ഭർത്താവ് നോബി കുര്യക്കോസിനെയാണ് ആത്മഹത്യ പ്രേരണാ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തത്.ഷൈനിയും, മക്കളായ അലീന, ഇവാന, എന്നിവരുമാണ് നിലമ്പൂർ റോഡ് എക്സ്പ്രസിന് മുന്നിൽ ചാടി മരിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിൽ ടിപ്പറുകളടക്കം ചരക്കു വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണത്തിൽ നിന്ന് ദേശീയപാതാ വികസന ജോലികൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഇളവ് നൽകി. റോഡ് നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്നതിൽ തടസ്സമുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്താണ് നടപടി.

✪✪✪

കോഴിക്കോട്ട് അഖിലേന്ത്യാ തപാൽ കലാമേളയിൽ 73 പോയന്റുമായി കർണാടക പോസ്റ്റൽ സർക്കിൾ മുന്നിട്ടു നിൽക്കുന്നു. 58 പോയന്റോടെ കേരളമാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

പാതി വില തട്ടിപ്പ് കേസിൽ കോടികൾ തട്ടിയെടുത്ത അനന്ദു കൃഷ്ണന്റെ ഇടുക്കി കുടയത്തൂർ കോളപ്രയിലെ ഓഫീസിൽക്രൈംബ്രാഞ്ച് ഇന്നലെ പരിശോധന നടത്തി.

ഓഫീസിലെ ഫയലുകളും മറ്റ് രേഖകളും തൃപ്പൂണിത്തുറയിൽ നിന്നെത്തിയ ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുത്തു.

✪✪✪

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രോൽസവത്തോട് അനുബന്ധിച്ച ഏഴരപൊന്നാന ദർശനം ഇന്ന്. രാത്രി പന്ത്രണ്ടോടെ ആസ്ഥാനമണ്ഡപത്തിൽ ഏറ്റുമാനൂരപ്പന്റെ തിടമ്പിനു സമീപം എഴരപൊന്നാനകളെ പ്രതിഷ്ഠിക്കും. ശ്രീകോവിലിൽ നിന്ന് മഹാദേവനെ ആസ്ഥാന മണ്ഡപത്തിലേക്ക് എഴുന്നള്ളിക്കുന്നതോടെ ഏഴരപൊന്നാന ദർശനത്തിന് തുടക്കമാകും.

✪✪✪

ലൈറ്റ് ഹൗസ് എംപ്ലോയീസ് അസോസിയേഷൻ കൊച്ചിൻ ഡിസ്ട്രിക്ടിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. മുരളീധരൻ V ആണ് പ്രസിഡന്റ്. ശ്രീജിത് CC യെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

✪✪✪

*News Editor :*
*News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൾ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: സുബോധ് സി കെ*